# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.5/1100/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ )
2. ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി, കണ്ണൂർ (ഇമെയിൽ)
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.5/1100/2023 തീയ്യതി: 13/09/2023

## കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-12-2022 മുതൽ 04-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ. ആർ. ജിതേന്ദ്രൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ് | 05-07-2023 | 06-07-2023 |
| ശ്രീ. സുനിൽ. പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-07-2023 | 12-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-07-2023 | 12-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി. വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ഷിജില. വി. ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. നിഖില. എ. എം, ഓഡിറ്റർ

ശ്രീ. വിദ്യാസാഗർ. ജി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജിഷ. കെ. സി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഉല്ലാസൻ. കെ. | സെക്രട്ടറി | 01-04-2022 | 11-07-2022 |
| ശ്രീ. പ്രദീപൻ. ടി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2022 | 28-07-2022 |
| ശ്രീമതി. സീമ കുഞ്ചാൽ | സെക്രട്ടറി | 29-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലജിത. വി.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. അരവിന്ദ്. ഇ. എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 08-12-2022 |
| ശ്രീമതി. നവ്യ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 09-12-2022 | 31-03-2023 |
| ശ്രീമതി. രാഖി. കെ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-10-2022 |
| ശ്രീമതി. രസ്ന. കെ. പി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-11-2022 | 31-03-2023 |
| ശ്രീ. സിനാജ്ജുദ്ദീൻ. പി. എച്ച്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 03-06-2022 |
| ശ്രീമതി. ബീന. പി. വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-06-2022 | 10-07-2022 |
| ശ്രീ. ബോബി. ആർ. എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 11-07-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ. സി. | സി.ഡി.പി.ഒ | 01-04-2022 | 31-03-2023 |
| ശ്രീ ലിനീഷ്. ടി. കെ. | ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സിന്ധുകല. എ. ആർ. | മെഡിക്കൽ ഓഫീസർ CHC അഴീക്കോട് | 01-04-2022 | 31-03-2023 |
| ഡോ. അനീഷ് ബാബു. ടി. | മെഡിക്കൽ ഓഫീസർ CHC പാപ്പിനിശ്ശേരി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. നാസർ. പി. കെ. | സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം | 01-04-2022 | 15-05-2022 |
| ശ്രീമതി. പി. ജയശ്രീ | സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം | 16-05-2022 | 20-06-2022 |
| ശ്രീ. മീന. ഒ.എസ് | സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം | 21-06-2022 | 01-10-2022 |
| ശ്രീമതി. രാജശ്രീ. വി. | സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം | 02-10-2022 | 12-12-2022 |
| ശ്രീ. ശ്രീനാഥ്. എൻ കുറ്റമ്പിള്ളി | സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം | 13-12-2022 | 15-01-2023 |
| ശ്രീമതി. മീന.ഒ. എസ് | സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം | 16-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | വരവിനങ്ങളുടെ സംക്ഷിപ്തം രജിസ്റ്ററുകളിൽ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | രജിസ്റ്റർ സൂക്ഷിക്കാത്തത് | 1-1-3 |
| 5 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം. | 1-5 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 11 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിച്ചെടുത്തിട്ടില്ല. | 1-7 |
| 12 | ഇ-ടെണ്ടർ ഫീ - ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചില്ല | 1-8 |
| 13 | പഞ്ചിങ് മെഷീൻ സ്ഥാപിക്കാൻ കെൽട്രോണിന് തുക അനുവദിച്ചെങ്കിലും മെഷീൻ സ്ഥാപിച്ചിട്ടില്ല ₹26877 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-9 |
| 14 | പാപ്പിനിശ്ശേരി സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹324240 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-10 |
| 15 | അഴീക്കോട് സി.എച്ച്.സി യിൽ താൽകാലികമായി നിയമിച്ച ജീവനക്കാർക്ക് വേതനവും എച്ച്.എം.സി യിൽ നിന്നും കൊടുത്ത വേതനം തിരിച്ച് കൊടുക്കുന്നതിനും -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹1765948 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-11 |
| 16 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ- രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹2225000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-12 |
| 17 | കറവ പശുക്കൾക്ക് കാലിത്തീറ്റ-ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും സബ്സിഡി ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. | 1-13 |
| 18 | അഴീക്കോട് സി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ₹380736 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |

| | | |
|---|---|---|
| 19 | അഴീക്കോട് സി എച്ച് സി യിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ജനറേറ്റർ ഉൾപ്പെടെയുള്ള ആവശ്യമായ എല്ലാ ഉപകരണങ്ങളും വാങ്ങി-ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല. | 1-15 |
| 20 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹754449 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 21 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-₹35611 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 22 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-18 |
| 23 | ഡെപ്പോസിറ്റ് വർക്ക് - അവലോകനം | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Kannur Block Panchayat RECEIPT & PAYMENT STATEMENT For The Period From 01-April-2022 To 31 March-2023 | |
| 4 | Kannur Block Panchayat INCOME & EXPENDITURE STATEMENT | |
| 5 | Kannur Block Panchayat BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 29.04.2023ലെ 2(1)/23-24 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.6.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്‌താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,

13.09.2023.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. B-11(a) ഷെഡ്യൂളിൽ Capital Work In Progress എന്ന ഇനത്തിൽ തൻവർഷം പാർട്ട് ബിൽ കൊടുത്തിരിക്കുന്ന വർക്കുകളുടെ തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 വരവിനങ്ങളുടെ സംക്ഷിപ്തം രജിസ്റ്ററുകളിൽ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

വാടക, ലേലം മുതലായ വിവിധ തനതു വരവിനങ്ങളുടെ സംക്ഷിപ്തം രജിസ്റ്ററുകളിൽ എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ വരവിനങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-3 രജിസ്റ്റർ സൂക്ഷിക്കാത്തത്

1. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റിനത്തിൽ വാർഷിക ധനകാര്യ പത്രികയിലെ B-7, RP-34 വരവ്-ചെലവ്, എന്നിവ പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.
2. അസറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
3. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ B-18 പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
4. വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കും പ്രത്യേക പദ്ധതികൾക്കുമായി ലഭിച്ച തുകകളുടെ വിശദാംശങ്ങൾ (ഇനം, ഉദ്ദേശ്യം, ലഭിച്ച വർഷം എന്നിവ) ലഭ്യമാക്കിയിട്ടില്ല.

## 1-1-4 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. B-4 ഷെഡ്യൂളിൽ ഉൾപ്പെടുന്ന ഫണ്ടിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ഷെഡ്യൂളിൽ ഉൾപ്പെടുന്ന തുകകളുടെ കൃത്യതയും അവ ഏതൊക്കെ ഇനങ്ങളിലുള്ള തുകകളാണെന്നും ഏത് വർഷം ലഭിച്ച തുകകളാണെന്നും പരിശോധിക്കാനായിട്ടില്ല.
2. വാഹന വാടകയിനത്തിൽ ചെലവഴിച്ച ₹224726യുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-2 ബജറ്റ്

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23ലെ ബജറ്റ് 26-3-2022 ലെ 237/21-22-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 118576000 |
| ആകെ | 118576000 |
| ചെലവ് | 118105000 |
| നീക്കിയിരിപ്പ് | 471000 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 7570741 |
| വരവ് | 62523476 |
| ആകെ | 70094217 |
| ചെലവ് | 56128495 |
| നീക്കിയിരിപ്പ് | 13965722 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 5512861 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|

| | | | | | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 20655793 | 20655793 | 18056015 | 2599778 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 6604207 | 6604207 | 5454585 | 1149622 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 6219000 | 6219000 | 4865689 | 1353311 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 1526834 | 3587457 | 5114291 | 2772830 | 2341461 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3581141 | 5010000 | 8591141 | 2743175 | 5847966 |
| സാക്ഷരത | 78333 | 2137 | 80470 | 0 | 80470 |
| ടി എസ് സി | 590613 | 16097 | 606710 | 2039 | 604671 |
| കേരളോത്സവം | 50012 | - | 50012 | - | 50012 |
| ടോട്ടൽ സാനിറ്റേഷൻ | 611694 | 37178 | 648872 | 44201 | 604671 |
| ഐ സി ഡി എസ് | 460429 | - | 460429 | - | 460429 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 35931 | - | 35931 | - | 35931 |
| മറ്റ് പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 3000 | - | 3000 | - | 3000 |
| എസ് ജി എസ് വൈ | 33664 | 3866 | 37530 | - | 37530 |
| ഐ എ വൈ-ജനറൽ | 243845 | - | 243845 | - | 243845 |
| ഐ എ വൈ- എസ് സി പി | - | 600000 | 600000 | - | 600000 |
| കുടിവെള്ള പദ്ധതി | 113575 | - | 113575 | - | 113575 |
| ഹെൽത്ത് ഗ്രാന്റ് | - | 2594199 | 2594199 | 79895 | 2514304 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവുകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് എ.സി.ആറോ വ്യക്തമായ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 108 | 68161163 | 83 | 40022324 | 12 | 25 | 65.74 |

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 31 | 22 | 19366708 | 13045656 | 67.36 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 4 | 3 | 1003402 | 366915 | 36.58 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 34 | 24 | 28032307 | 11433625 | 40.79 |
| 4 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 5 | 4 | 1562200 | 1107900 | 70.92 |
| 5 | പട്ടികജാതി വികസന ഓഫീസർ | 2 | 2 | 153800 | 149900 | 97.46 |
| 6 | മെഡിക്കൽ ഓഫീസർ CHC അഴീക്കോട് | 12 | 9 | 5941300 | 4364938 | 73.47 |
| 7 | മെഡിക്കൽ ഓഫീസർ CHC പാപ്പിനിശ്ശേരി | 6 | 6 | 2095000 | 2031047 | 96.95 |
| 8 | സി.ഡി.പി.ഒ | 5 | 5 | 2703100 | 2576262 | 95.31 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 1661146 | 1577291 | 94.95 |
| 10 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3000000 | 1058250 | 35.28 |
| 11 | സൂപ്രണ്ട് ഓൾഡ് ഏജ് ഹോം | 4 | 3 | 2642200 | 2310540 | 87.45 |
| | ആകെ | 108 | 83 | 68161163 | 40022324 | 58.72 |

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ച് കൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. വാടക രജിസ്റ്ററിൽ സാമ്പത്തിക വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംബന്ധിച്ച് അബ്സ്ട്രാക്റ്റ് രേഖപ്പെടുത്തുന്നില്ല. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തനതു വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല.

## 1-7 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിച്ചെടുത്തിട്ടില്ല.

1. കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 24.09.2021 ൽ അംഗീകരിച്ച BPC No.161/21-22 ബൈലോ ഖണ്ഡിക 19 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടക കുടിശ്ശിക യാതൊരു കാരണവശാലും 3 മാസത്തിൽ കൂടുതൽ അനുവദനീയമല്ല. എന്നാൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിന്റെ രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന മുറികളുടെ വാടക പിരിച്ചെടുത്തിട്ടില്ല.

| റൂം നമ്പർ | വാടകക്കാരന്റെ പേര് | വാടക ഈടാക്കാത്ത മാസം |
|---|---|---|
| 3rd ബ്ലോക്ക് /റൂം നം 3 | കെ. ടി. ബേബി | 2020 ഫെബ്രുവരി മുതൽ |

| | | |
|---|---|---|
| 3rd ബ്ലോക്ക് / റൂം നം 4 | ശാലിനി അനിരുദ്ധൻ | 2018 ജൂൺ മുതൽ |
| 2nd ബ്ലോക്ക്/ റൂം നം 2 | ശ്രീഷൻ | 2023 മാർച്ച് |
| വുമൺസ് ഹോസ്റ്റൽ, കാഞ്ഞിരത്തും വയൽ | സെക്രട്ടറി ദയ SHG ന്യൂട്രീമിക്സ് | 2023 മാർച്ച് |
| 303/B | രേഖ എ വി | 2023 ഫെബ്രുവരി മുതൽ |

മേൽ അപാകത സംബന്ധിച്ച് 1/06-07-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് പ്രതിസന്ധികാരണം മേൽ സ്ഥാപനങ്ങൾ സാമ്പത്തികമായി പ്രയാസത്തിലാണെന്നും വാടക പിരിക്കാൻ തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. മേൽ വാടകക്കാരിൽ നിന്നും ബൈലോ പ്രകാരമുള്ള പിഴ ഈടാക്കി വാടക ഈടാക്കേണ്ടതാണ്.

2. BPC No.161/21-22 ബൈലോ ഖണ്ഡിക 19 പ്രകാരം വാടക അതാതു മാസം അഞ്ചാം തീയതിക്കകം അടക്കേണ്ടതാണ്. വാടക അടക്കുന്നതിന് വീഴ്ച്ച വരുത്തിയാൽ വീഴ്ച്ച വരുത്തിയ തീയതി മുതൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 12% പിഴ പലിശയോടുകൂടിയ തുക അടക്കേണ്ടതാണ് എന്നാൽ പല സ്ഥാപനങ്ങളിൽ നിന്നും അഞ്ചാം തീയതിക്ക് ശേഷമുള്ള അടവിന് 12% എന്ന നിരക്കിലുള്ള പിഴ ഈടാക്കിയിട്ടില്ല. ബൈലോ പ്രകാരമുള്ള നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും വാടക തുക ഇനത്തിൽ ഈടാക്കാനുള്ള തുക ഈടാക്കേണ്ടതുമാണ്.

വാടക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഇതു സംബന്ധിച്ച വിവരം അറിയിക്കേണ്ടതുമാണ്.

## 1-8 ഇ-ടെണ്ടർ ഫീ - ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചില്ല

28-9-2013 ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ. പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന് 2018-19 മുതൽ 2022-23 വർഷം വരെ ലഭിക്കേണ്ടതുമായ ടെണ്ടർ ഫീ ഇനത്തിലുള്ള ₹434702 ഇതുവരെയും ലഭിച്ചിട്ടില്ല. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ ഇ-ടെണ്ടർ ഫീസ് തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കറണ്ട് അക്കൗണ്ടിലേക്ക് വരുന്ന തരത്തിൽ ക്രമീകരണം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | തുക ₹ |
|---|---|---|
| 1 | 2018-19 | 131856 |
| 2 | 2019-20 | 86669 |
| 3 | 2020-21 | 146417 |
| 4 | 2021-22 | 69760 |
| | ആകെ | 434702 |

## 1-9 പഞ്ചിങ് മെഷീൻ സ്ഥാപിക്കാൻ കെൽട്രോണിന് തുക അനുവദിച്ചെങ്കിലും മെഷീൻ സ്ഥാപിച്ചിട്ടില്ല ₹26877 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 139/23<br>ബ്ലോക്ക് ഓഫീസിൽ ബയോമെട്രിക്ക്<br>പഞ്ചിങ് മെഷീൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹100000 തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹26877 ചെക്ക് നമ്പർ : 6564675/25-03-2023 |

എല്ലാ സർക്കാർ ഓഫീസുകളിലും 2023 മാർച്ച് 31 മുമ്പായി ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും ഇത് പ്രാവർത്തികമാക്കുന്നതിന് ഗ്രാമ വികസന കമ്മീഷണറുടെ 06-01-2023 ലെ 5757/DP4/2022/സി.ആർ.ഡി ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ₹100000 വകയിരുത്തുകയും അതിൽ പഞ്ചിങ് മെഷീന്റെ വിലയുടെ 50% അഡ്വാൻസ് തുക ₹26877 കെൽട്രോണിന് മേൽ ചെക്ക് പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചിങ് മെഷീൻ നാളിതുവരെയായും സ്ഥാപിച്ചിട്ടില്ല. ഇതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ആയതിനാൽ ₹26877യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-10 പാപ്പിനിശ്ശേരി സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹324240 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പാപ്പിനിശ്ശേരി സി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 14/23 പാപ്പിനിശ്ശേരി സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹ 700000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവഴിച്ച തുക | ₹ 100363 ബിൽ നമ്പർ : 201181141/13-06-2022<br>₹ 599637 ബിൽ നമ്പർ : 2001214395/22-06-2022<br>ആകെ : ₹700000 |

പാപ്പിനിശ്ശേരി സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ എന്ന മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് മരുന്നു വാങ്ങുന്നതിനായി ₹700000 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയെങ്കിലും ₹375760 യുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ. മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ഇതേവരെ ലഭിച്ചിട്ടില്ല. ബാക്കി വരുന്ന ₹324240 (700000-375760) യുടെ മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് 12/09-07-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ സ്റ്റോക്കില്ലാത്തതിനാലാണ് മരുന്ന് ലഭ്യമാകാത്തത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹324240 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-11 അഴീക്കോട് സി.എച്ച്.സി യിൽ താൽകാലികമായി നിയമിച്ച ജീവനക്കാർക്ക് വേതനവും എച്ച്.എം.സി യിൽ നിന്നും കൊടുത്ത വേതനം തിരിച്ച് കൊടുക്കുന്നതിനും -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹1765948 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി അഴീക്കോട് |
| പ്രൊജക്ട് നമ്പർ/പേര് | 56/23, അഴീക്കോട് സി.എച്ച്.സി യിൽ താൽകാലികമായി നിയമിച്ച ജീവനക്കാർക്ക് വേതനവും എച്ച്.എം.സി യിൽ നിന്നും കൊടുത്ത വേതനം തിരിച്ച് കൊടുക്കുന്നതിനും |
| അടങ്കൽ | ₹ 1945000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹ 5500 ബിൽ നമ്പർ/തിയ്യതി : 2657/05.09.22<br>₹ 49040 ബിൽ നമ്പർ/തിയ്യതി : 3729/18.06.22<br>₹ 166820 ബിൽ നമ്പർ/ തിയ്യതി : 7126/02.09.22<br>₹ 245300 ബിൽ നമ്പർ/ തിയ്യതി : 3741/18.05.22<br>₹ 226080 ബിൽ നമ്പർ/ തിയ്യതി : 8073/25.03.23<br>₹ 166790 ബിൽ നമ്പർ/ തിയ്യതി : 4090/21.07.22<br>₹ 166820 ബിൽ നമ്പർ/ തിയ്യതി : 9254/11.05.22<br>₹ 124900 ബിൽ നമ്പർ/ തിയ്യതി :60065/01.10.22<br>₹ 127520 ബിൽ നമ്പർ/ തിയ്യതി : 3086/02.12.22<br>₹ 150287 ബിൽ നമ്പർ/ തിയ്യതി : 3505/02.11.22<br>₹ 127520 ബിൽ നമ്പർ/ തിയ്യതി : 9329/13.02.23<br>₹ 121151 ബിൽ നമ്പർ/ തിയ്യതി : 4890/19.01.23<br>₹ 88220 ബിൽ നമ്പർ/ തിയ്യതി : 8822/16.03.23 |

| | |
|---|---|
| | ആകെ : ₹ 1765948 |

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് അഴീക്കോട് സി.എച്ച്.സി യിൽ താൽക്കാലികമായി നിയമിച്ച സി.എച്ച്.സി ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിനായി ₹1765948 നൽകിയിട്ടുണ്ട്. എന്നാൽ ജീവനക്കാരടെ ഹാജർ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഏതൊക്കെ മാസങ്ങളിലായി എത്ര തുക വീതമാണ് ഓരോ ജീവനക്കാരനും അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. ആയത് വ്യക്തമാക്കുന്ന രേഖകളും താൽക്കാലികമായുള്ള നിയമനം സംബന്ധിച്ചുള്ള ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 22/11-07-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1765948 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-12 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹2225000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി ഡി പി ഒ, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ / പേര് | 61/23 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹2225000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹320000 ബിൽ നം : 22190152015300679905/22-10-2022<br>₹750000 ബിൽ നം : 22190152020500813472/24-11-2022<br>₹180000 ബിൽ നം : 221901520150086632/06-12-2022<br>₹430000 ബിൽ നം : 22190152015301096180/27-01-2023<br>₹226400 ബിൽ നം : 22190152012701199192/16-02-2023<br>₹318600 ബിൽ നം : 22190152012701199193/16-02-2023<br>ആകെ : ₹2225000 |

ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായുള്ള ബ്ലോക്ക് വിഹിതം നൽകൽ എന്ന മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. അഴീക്കോട്, വളപട്ടണം എന്നീ ഗ്രാമ പഞ്ചായത്തുകളുടെ ഗുണഭോക്തൃ പട്ടികയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് അംഗീകാരം നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.
2. മേൽ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3.പണമിടപാട് വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
4.₹1906400 യുടെ ട്രഷറി ബില്ല് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/08.07.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമായിട്ടില്ല. വിശദീകരണത്തിന്റെയും രേഖകളുടെയും അഭാവത്തിൽ ₹2225000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 കറവ പശുക്കൾക്ക് കാലിത്തീറ്റ-ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും സബ്സിഡി ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ /പേര് | 91/23 കറവപ്പശുക്കൾക്ക് കാലിത്തീറ്റ |
| അടങ്കൽ | ₹1000000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹78010 ബിൽ നമ്പർ/തിയതി : 1/29-09-2022<br>₹136254 ബിൽ നമ്പർ/തിയതി : 2/29-10-2022<br>₹156265 ബിൽ നമ്പർ/തിയതി : 5/24-11-2022<br>₹157760 ബിൽ നമ്പർ/തിയതി : 7/22-12-2022<br>₹157760 ബിൽ നമ്പർ/തിയതി : 9/20-02-2023<br>₹157760 ബിൽ നമ്പർ/തിയതി : 14/16-03-2023<br>₹156191 ബിൽ നമ്പർ/തിയതി : 15/28-02-2023<br>ആകെ : ₹1000000 |

മേൽ പ്രോജക്റ്റ് പ്രകാരം പാപ്പിനിശ്ശേരി ക്ഷീര സഹകരണ സംഘം, ചിറക്കൽ ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങിയതിന്റെ സബ്സിഡി വിഹിതം നൽകിയിട്ടുണ്ട്. സ.ഉ.(കൈ) 115/2022 /ത.സ്വ.ഭ.വ തീയതി 28-05-2022 ഖണ്ഡിക 6.3.16 പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക ₹10000യാണ്. ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി തുകയായ ₹10,000 ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തന്നെ അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും മേൽ പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് ഈ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്ത് ക്ഷീരകർഷകർക്ക് കാലിത്തീറ്റ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. പാപ്പിനിശ്ശേരി, ചിറക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/09-07-2023) നല്കിയ മറുപടിയിൽ മേൽ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് പാപ്പിനിശ്ശേരി, ചിറക്കൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും കാലിത്തീറ്റ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം ലഭിച്ചവർക്ക് തന്നെയാണോ ബ്ലോക്ക് പഞ്ചായത്ത് മുഖേന സബ്സിഡി നൽകിയതെന്ന് പരിശോധിച്ചിട്ടില്ല. ഇത് കാരണം സബ്സിഡി തുക ഇരട്ടിപ്പിന് സാധ്യതയുണ്ട്. ₹10000ൽ അധികം സബ്സിഡി ഓരോ ഗുണഭോക്താവിനും നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി അനുവദിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 അഴീക്കോട് സി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ₹380736 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. അഴീക്കോട് |
| പ്രോജക്റ്റിന്റെ നമ്പർ / പേര് | 22/23 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹ 400000 മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ചെലവ് | ₹380736 ബിൽ നമ്പർ/തീയതി : 11199792/ 16-02-2023 |

മേൽ പ്രോജക്റ്റ് പ്രകാരം അഴീക്കോട് സി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം സ്റ്റേറ്റ് ഐ.ടി മിഷന് 799011400003959 നമ്പർ അക്കൗണ്ടിലേക്ക് ₹380736 നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സി.എച്ച്.സി.യ്ക്ക് ലഭ്യമായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 10/09-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. ആയതിനാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ചെലവഴിച്ച ₹380736 തടസ്സപ്പെടുത്തുന്നു.

## 1-15 അഴീക്കോട് സി എച്ച് സി യിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ജനറേറ്റർ ഉൾപ്പെടെയുള്ള ആവശ്യമായ എല്ലാ ഉപകരണങ്ങളും വാങ്ങി-ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. അഴീക്കോട് |
| പ്രോജക്റ്റ് നമ്പർ / പേര് | 83/23 ജനറേറ്റർ ഇലക്ട്രിഫിക്കേഷൻ, ഇൻസ്റ്റലേഷൻ |
| അടങ്കൽ | ₹680000 മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ചെലവ് | ₹652245 ബിൽ നമ്പർ / തീയ്യതി : 1100806863/23-11-22 |

അഴീക്കോട് സി എച്ച് സി യിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ജനറേറ്റർ ഇൻസ്റ്റാൾ ചെയ്യുന്നതിനും ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനുമുള്ള മേൽ പദ്ധതി പ്രകാരം 2022-23 ൽ ജനറേറ്റർ ഇൻസ്റ്റാൾ ചെയ്യുന്നതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് എന്ന സ്ഥാപനത്തിന് ₹345750 നല്കിയിട്ടുണ്ട്. എന്നാൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടില്ല. ഇത് സംബന്ധിച്ച് 11/09-07-2023 പ്രകാരം നല്കിയ ഓഡിറ്റ്

